(സി) മദ്ധ്യകാല അവലോകനത്തിൽ കാർഷിക മേഖലയെ സംബന്ധിച്ച് നടത്തിയ ശുപാർശകൾ അനുബന്ധമായി കൊടിത്തിരിക്കുന്നു. †

(ഡി) "കടുത്ത ജലക്ഷാമമുള്ള പ്രദേശങ്ങളിലും മഴ കുറഞ്ഞ പ്രദേശങ്ങളിലും ഉപയോഗിക്കുന്ന ജലത്തിന് ന്യായമായ വില ഈടാക്കാനും സാമൂഹ്യമായി നിയന്ത്രിക്കാനും ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഒരു പരിധിവരെ സബ്സിഡി അനുവദിക്കുന്നതിനും അടിയന്തിരമായി നൂതന തന്ത്രം ആവിഷ്കരിക്കണം" എന്നതാണ് പത്താം പദ്ധതിയുടെ മദ്ധ്യകാല വിലയിരുത്തൽ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്.

എന്നാൽ ഇതു സംബന്ധിച്ച് കേരളം താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് വച്ചിട്ടുള്ളത്. വെള്ളത്തിന് വില ഈടാക്കുന്നത് അതീവ ജാഗ്രതയോടു കൂടിയായിരിക്കണം. പൊതു ജലസേചന സംവിധാനത്തിന്റെ പ്രവർത്തനത്തിനും നടത്തിപ്പിനും മൊത്തം ചെലവ് വസൂലാക്കുമ്പോൾ പാവപ്പെട്ടവർക്കുള്ള ജലലഭ്യത ഉറപ്പുവരുത്തണം. കമ്പോളാധിഷ്ഠിത വിലനിർണ്ണയ സംവിധാനത്തിൽ മാത്രമായി വിതരണം ചെയ്യപ്പെടേണ്ട വസ്തുവായി ജലത്തെ കണക്കാക്കാൻ പാടില്ല. അതോടൊപ്പം ഭൂഗർഭ ജല വിനിയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ജല സ്രോതസ്സുകളുടെ സംരക്ഷണത്തിന് കൂടുതൽ കാര്യക്ഷമമായ സംവിധാനം ആവിഷ്കരിക്കേണ്ടതാണ്. പുതിയ പ്രോജക്ടുകൾ എടുക്കുമ്പോൾ കർഷകരുമായി കൂടിയാലോചിച്ച് ചെലവ് പങ്കിടുന്ന കാര്യത്തിൽ യോജിപ്പുണ്ടാകേണ്ടതാണ്.

പ്രൈമറി ഹെൽത്ത് സെന്ററുകളിലെ ചികിത്സ

*8. [132] ശ്രീ. സി. മമ്മൂട്ടി :

„ പി. കെ. അബ്ദു റബ്ബ് :

„ സി. മോയിൻകുട്ടി :

„ ടി. പി. എം. സാഹിർ :

„ നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥലസൗകര്യവും കെട്ടിട സൗകര്യവുമുള്ള സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിക്കുമോ ;

(ബി) ഇതിലേയ്ക്ക് ആവശ്യമായ സ്റ്റാഫും വേണ്ടത്ര മരുന്നുകളും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

† അനുബന്ധം- II കാണുക.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) സ്ഥലസൗകര്യവും കെട്ടിട സൗകര്യങ്ങളുമുള്ള സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ കുറവുള്ള ജീവനക്കാരുടെ നിയമനം നടത്തി രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു.

(ബി) ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്ന കാര്യത്തിൽ നടപടി ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകളും മറ്റു സാമഗ്രികളും വാങ്ങുന്നത് ഓരോ സ്ഥാപനങ്ങളും ശാസ്ത്രീയമായി തയ്യാറാക്കി നൽകുന്ന വാർഷിക ആവശ്യകതാ പട്ടിക പ്രകാരം ഓരോ വർഷവും നിലവിലുള്ള സെൻട്രൽ പർച്ചെയ്സ് കമ്മിറ്റി റേറ്റ് കോൺട്രാക്ടിൽ നിന്നാണ്. 2005-2006 കാലയളവിലേക്കാവശ്യമായ മരുന്നുകളും മറ്റു ആനുബന്ധ സാമഗ്രികളും ഓരോ സ്ഥാപനങ്ങളിൽനിന്നും തയ്യാറാക്കി നൽകിയ വാർഷിക ആവശ്യകതാ പട്ടിക അനുസരിച്ച് നിലവിലുള്ള സി. പി. സി. കോൺട്രാക്ടിൽനിന്നും വാങ്ങി വിതരണം ചെയ്തുവരുന്നു. സ്ഥല സൗകര്യവും, കെട്ടിട സൗകര്യവും ഉള്ള പ്രൈമറി ഹെൽത്ത് സെന്ററുകളെ രോഗികളെ കിടത്തി ചികിൽസിക്കുന്ന ആശുപത്രികളായി ഉയർത്തുമ്പോൾ ആവശ്യമായി വരുന്ന മരുന്നുകൾ നിലവിലുള്ള സെന്റ്രൽ പർച്ചേസ് റേറ്റ് കോൺട്രേക്ടിൽനിന്ന് ഓരോ സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

വിദേശ സാമ്പത്തിക സഹായം

*9. [133] ശ്രീ. ബിനോയ് വിശ്വം :

„ കെ. പി. രാജേന്ദ്രൻ :

„ മാങ്കോട് രാധാകൃഷ്ണൻ :

„ പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് വിവിധ പദ്ധതികൾക്കായി വിദേശത്തു നിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്നതു സംബന്ധിച്ച വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് ഗ്യാരണ്ടിയിൻമേൽ എന്തെല്ലാം ആവശ്യങ്ങൾക്കാണ് വിദേശ വായ്പ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly